**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3574** **08-10-2025 - ൽ മറുപടിയ്ക്ക്**

**പാനൂർ താലൂക്ക് ആശുപത്രിക്ക് വേണ്ടി ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.പി.മോഹനൻ | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | പാനൂർ താലൂക്ക് ആശുപത്രിയ്ക്ക് വേണ്ടി ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടികളുടെ പുരോഗതി വിശദമാക്കുമോ; | (എ) | പാനൂർ സാമൂഹിക ആരോഗ്യ കേന്ദ്രത്തിന്റെ വികസനത്തിനായി തലശ്ശേരി താലൂക്കിലെ പാനൂർ വില്ലേജിലെ റി.സ.നമ്പർ 128/1, 128/2എ, 128/2ബി എന്നിവയിൽപ്പെട്ട 78.70 ആർസ് ഭൂമി ആർ.എഫ്.സി.റ്റി.എൽ.എ.ആർ.ആർ. ആക്ട് 2013 പ്രകാരം ഏറ്റെടുക്കുന്നതിന് 4(1) പ്രകാരം സാമൂഹ്യ ആഘാതപഠനം നടത്തുന്നതിനുള്ള വിജ്ഞാപനം 28.09.2020 ന് പുറപ്പെടുവിച്ചു. 19.10.2020 ന് സാമൂഹ്യ ആഘാതപഠന റിപ്പോർട്ട് സമർപ്പിക്കുകയും, പ്രസ്തുത പഠന റിപ്പോർട്ടിന്മേൽ വിദഗ്ധ സമിതി വിലയരുത്തൽ നടത്തി 06.11.2020 ന് വിലയിരുത്തൽ റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തു. അതിനുശേഷം വകുപ്പ് 8(2) പ്രകാരമുള്ള സമുചിത സർക്കാർ തീരുമാനം 11.11.2020 ന് ഉത്തരവാകുകയും തുടർന്ന് വകുപ്പ് 11(1) പ്രകാരമുള്ള പ്രാഥമിക വിജ്ഞാപനം 19.11.2020-ന് പുറപ്പെടുവിക്കുകയും 29.01.2021 ന് കമ്പോള വില നിർണ്ണയിച്ച് ഉത്തരവാകുകയും ചെയ്തിട്ടുണ്ട്. ആയതിനു ശേഷം ഭൂ ഉടമയായ ശ്രീ.നൊച്ചിക്കാട്ട് മുസ്തഫ ബഹു. ഹൈക്കോടതി മുമ്പാകെ ഫയൽ ചെയ്ത WP(C) 242/2021 നമ്പർ കേസ്സിൽ ബഹു. ഹൈക്കോടതി തൽസ്ഥിതി തുടരുന്നതിന് ഉത്തരവായതിനാൽ ലാന്റ് അക്വിസിഷൻ നടപടികൾ മുന്നോട്ട് പോയിരുന്നില്ല. 14.03.2025 ന് ശ്രീ.നൊച്ചിക്കാട്ട് മുസ്തഫ ഫയൽ ചെയ്ത WP(C) 242/2021 നമ്പർ കേസ്സ് തള്ളി കോടതി ഉത്തരവാകുകയും, എന്നാൽ 14-03-2025 തീയതിയിലെ ഉത്തരവിനെതിരെ ശ്രീ.നൊച്ചിക്കാട്ട് മുസ്തഫ WA 1076/2025 അപ്പീൽ നൽകിയിരുന്നു. ഈ അപ്പീൽ കേസ്സും ബഹു.ഹൈക്കോടതിയുടെ ഡിവിഷൻ ബെഞ്ച് തള്ളി ഉത്തരവായിരുന്നു. ഭൂമിയേറ്റെടുക്കൽ നടപടികൾ നിയമപരമായും പ്രക്രിയാപരമായും ശരിയാണ് എന്നും സിംഗിൾ ബഞ്ചിന്റെ വിധിയിൽ ഇടപെടേണ്ട സാഹചര്യമില്ലെന്നും |

| | | | |
|---|---|---|---|
| | | | ബഹു.ഹൈക്കോടതി ഉത്തരവായിട്ടുള്ളതാണ്. കോടതി ഉത്തരവ് ലഭിച്ചതിന് ശേഷം ഈ പദ്ധതിക്ക് വേണ്ടി ഭൂമി ഏറ്റെടുക്കുന്നതിനുള്ള 10,17,17,848/- രൂപയുടെ (പത്ത് കോടി പതിനേഴ് ലക്ഷത്തി പതിനേഴായിരത്തി എണ്ണൂറ്റി നാല്പത്തിയെട്ട് രൂപ മാത്രം) DVS (വിശദ വില വിവര പട്ടിക) 04.08.2025-ന് ജില്ലാ കലക്ടർ അംഗീകരിച്ചിട്ടുണ്ട്. ആയതിനെ തുടർന്ന് ഭൂഉടമസ്ഥന് നല്കേണ്ട നഷ്ടപരിഹാര തുക അവാർഡ് തീയ്യതി 30.11.2025 ആയി കണക്കാക്കി അതുവരെയുള്ള പലിശ ഉൾപ്പെടെ 10,86,92,866/- രൂപ നിക്ഷേപിക്കുന്നതിന് അർത്ഥനാധികാരിയായ ജില്ലാ മെഡിക്കൽ ഓഫീസറോട്(ആരോഗ്യം) ലാന്റ് അക്വിസിഷൻ ഓഫീസറായ സ്പെഷ്യൽ തഹസിൽദാർ(എൽഎ) ജനറൽ തലശ്ശേരി ആവശ്യപ്പെട്ടിട്ടുണ്ട്. |
| (ബി) | പ്രസ്തുത ഭൂമി ഏറ്റെടുക്കൽ നടപടികൾ എന്നത്തേക്ക് പൂർത്തിയാക്കാനാവുമെന്ന് വ്യക്തമാക്കാമോ? | (ബി) | ഭൂഉടമസ്ഥന് നല്കേണ്ട നഷ്ടപരിഹാര തുക അർത്ഥനാധികാരിയായ ജില്ലാ മെഡിക്കൽ ഓഫീസർ (ആരോഗ്യം) ലാന്റ് അക്വിസിഷൻ ഓഫീസറുടെ അക്കൗണ്ടിൽ നിക്ഷേപിക്കുന്ന മുറയ്ക്ക് വകുപ്പ് 19(1) പ്രകാരമുള്ള അന്തിമ വിജ്ഞാപനം പുറപ്പെടുവിക്കാൻ സാധിക്കുന്നതും, തുടർന്ന് ആർ.എഫ്.സി.റ്റി.എൽ.എ.ആർ.ആർ. ആക്ട് 2013 ലെ വകുപ്പ് 21(1) അറിയിപ്പ് നല്കിയ ശേഷം രേഖകൾ പരിശോധിച്ച് അവാർഡ് പാസ്സാക്കാൻ സാധിക്കുന്നതുമാണ്. |

സെക്ഷൻ ഓഫീസർ